# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 238 — 20.06.2012-ൽ മറുപടിക്ക്

## ആന്റി റാബിസ് വാക്സിൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന് :<br>,, കെ.എം.ഷാജി :<br>,, പി.കെ.ബഷീർ : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) പേവിഷബാധയുള്ള വളർത്തുമൃഗങ്ങളുടെ കടിയേറ്റ് ആശുപത്രികളിലെത്തുന്നവർക്ക് റാബിസിനെതിരെയുള്ള പ്രതിരോധ കുത്തിവെയ്പ്പ് നൽകുന്നതിന് സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ ; | (എ) എല്ലാ ജില്ലാ ആശുപത്രികളിലും, താലൂക്കാശുപത്രികളിലും, തെരഞ്ഞെടുക്കപ്പെട്ട ചില സി.എച്ച്.സികളിലും പേവിഷബാധയ്ക്കെതിരെയുള്ള പ്രതിരോധ ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ആന്റി റാബിസ് വാക്സിൻ സൗജന്യമായി നൽകാൻ ഏതൊക്കെ ആശുപത്രികളിലാണ് സൗകര്യമുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) മേൽപറഞ്ഞ എല്ലാ സ്ഥാപനങ്ങൾ വഴിയും ആന്റി റാബിസ് വാക്സിൻ സൗജന്യമായി നൽകിവരുന്നുണ്ട്. |
| (സി) ആയതിനുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം എവിടെയെല്ലാം ലഭ്യമാണെന്ന് വെളിപ്പെടുത്തുമോ ; | (സി) പേവിഷബാധയ്ക്കെതിരെയുള്ള ചികിത്സയ്ക്കുവേണ്ടി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ആവശ്യം ഇല്ല. ആരോഗ്യവകുപ്പിലുള്ള ഡോക്ടർമാർക്ക് പ്രത്യേക പരിശീലന പരിപാടികൾ നടത്തിയാണ് പ്രതിരോധ ചികിത്സ നൽകുന്നത്. |
| (ഡി) എല്ലാ താലൂക്ക തല ആശുപത്രികളിലും സൗജന്യമരുന്നും സ്പെഷ്യലിസ്റ്റ് ഡോക്ടറുടെ സേവനവും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (ഡി) എല്ലാ താലൂക്ക് ആശുപത്രികളിലും ഇപ്പോൾ തന്നെ സൗജന്യമായി പേവിഷബാധയ്ക്കെതിരെയുള്ള പ്രതിരോധ ചികിത്സ നൽകിവരുന്നുണ്ട്. പേവിഷബാധയുടെ ചികിത്സയ്ക്കായി സ്പെഷ്യലൈസ്ഡ് ഡോക്ടറുടെ ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ